ഉത്തരം

(എ) കായംകുളം മണ്ഡലത്തിലെ ദേവീകുളങ്ങര, കണ്ടല്ലൂർ, മുതുകുളം എന്നീ പ്രദേശങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയുടെ പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എടുത്തുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഐ.പി.ഡി. ഡിവിഷൻ, ചങ്ങനാശ്ശേരിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അവർ നടപടികൾ എടുത്തുവരുന്നു.

കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

136 (733) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റേയും നിലവിലെ അവസ്ഥ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ?

ഉത്തരം

(എ) പ്രമാടം, കോന്നിത്താഴം, അട്ടച്ചാക്കൽ, മലപ്പാറ, തവളപ്പാറ, അരുവാപ്പിലം, മലയാലപ്പുഴ, തണ്ണിത്തോട് എന്നിവയാണ് കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ.

(ബി) കോന്നിത്താഴം പദ്ധതിയുടെ, ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി ഘടകങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. പ്രമാടം, അട്ടച്ചാക്കൽ, മലപ്പാറ, അരുവാപ്പിലം, മലയാലപ്പുഴ, റൂറൽ സ്കീം, തണ്ണിത്തോട് എന്നീ കുടിവെള്ള പദ്ധതികൾ ജല വിതരണം നടത്തുന്നുണ്ട്.

(സി) തവളപ്പാറ ശുദ്ധജല വിതരണ പദ്ധതി ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. കോന്നിത്താഴം പദ്ധതിയുടെ വിതരണ ശൃംഖല, ജല സംഭരണി എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

(ഡി) തവളപ്പാറ ശുദ്ധജലവിതരണ പദ്ധതിക്ക് ഭാഗീകമായി ജലം എത്തിക്കുന്നത് കോന്നിത്താഴം കുടിവെള്ളപദ്ധതിയുടെ ഇൻടേക്കിൽനിന്നാണ്. എന്നാൽ തോന്നിത്താഴം കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി പദ്ധതിയുടെ ശുദ്ധീകരണശാലയിൽ നിന്നുള്ള ക്രമീകരിക്കുന്നതാണ്. മലയാലപ്പുഴ NC/PC പമ്പിംഗ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly